# സ്വർഗ്ഗാരോപിതമാതാ ദൈവാലയം

## മരിയനാട്



# വചനധ്വനി

**2025 സെപ്റ്റംബർ കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ട യോഗക്രമം.**

**ഒരുക്കം** :യോഗം കൂടുന്ന വീട് നന്നായി ഒരുക്കിയിരിക്കണം. യോഗം കൂടുന്ന ഹാളിന്റെ നടുക്ക് ബൈബിൾ ഒരുക്കിവയ്ക്കണം. യോഗം നടക്കുന്ന വീട്ടുകാർ യൂണിറ്റിലെ എല്ലാവരെയും യോഗം അറിയിക്കണം. യോഗത്തിൽ പങ്കെടുക്കുന്നവർ ബൈബിൾ നിർബന്ധമായും കൊണ്ടുവരണം. എല്ലാവരും ബൈബിളിന ചുറ്റും വട്ടത്തിൽ ഇരിക്കണം.

1. **പരിശുദ്ധാത്മാവിന്റെ ഗാനം :** ഗാനം ആലപിക്കുമ്പോൾ തന്നെ അംഗങ്ങൾ ബൈബിൾ വന്ദനം ചെയ്യണം.
2. **സ്വാഗതം :** കുടുംബനാഥൻ/കുടുംബനാഥ, എല്ലാവരെയും സ്വാഗതം ചെയ്യണം.
3. **ആമുഖം :**

**പ്രിയപ്പെട്ടവരെ,**

**നാം ആയിരിക്കുന്നത് ദൈവം തന്റെ സ്നേഹ ഹസ്തങ്ങളാൽ സൃഷ്ടിച്ചിരിക്കുന്ന ഈ സുന്ദരമായ ലോകത്തിന്റെ നടുവിലാണ്. ഈ മഹത്തായ സൃഷ്ടിയിൽ നമ്മെ ദൈവം പാർപ്പിച്ചിരിക്കുന്നു. ദൈവം സൃഷ്ടിച്ചിരിക്കുന്ന സകലവും അവന്റെ മഹത്വത്തിന്റെ പ്രതിഫലനമാണ്. ആകാശത്തിലെ പക്ഷികൾ മുതൽ വയലിലെ പൂക്കൾ വരെ. ഭൂമി, ജലം വായു, മരങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം ദൈവത്തിന്റെ ദിവ്യസമ്മാനങ്ങളാണ്. നാം അതിന്റെ കാവൽക്കാരും വിശ്വസ്തരായ രക്ഷാധികാരികളും മാത്രമാണ്. സങ്കീർത്തകൻ ഓർമ്മിപ്പി ക്കുന്നതുപോലെ ഭൂമിയും അതിലെ സമസ്ത വസ്തുക്കളും ഭൂതലവും അതിലെ നിവാസികളും കർത്താവിന്റെതാണ് (സങ്കീ 21:1). ഫ്രാൻസീസ് പാപ്പാ തന്റെ**

ലൗദാത്തോ സി അതായത് ഭൂമി നമ്മുടെ പൊതുവീടാണ് എന്ന ചാക്രീക ലേഖനത്തിൽ നമ്മെ ഓർമ്മിപ്പിച്ചതുപ്പോലെ പ്രകൃതിയെ സ്നേഹിക്കുകയും

സംരക്ഷിക്കുകയും ചെയ്യുന്നത് വെറും സാമൂഹിക ഉത്തരവാദിത്വം മാത്രമല്ല, അത് ക്രിസ്തീയ വിശ്വാസത്തിന്റെ ഭാഗവുമാണ്. നാം ഇന്നിവിടെ പ്രാർത്ഥനയിൽ ഒന്നിച്ച് ചേരുമ്പോൾ ദൈവത്തിന്റെ സൃഷ്ടിയെ സംരക്ഷിക്കാനും മലിനീകരണത്തിൽ നിന്ന് രക്ഷിക്കാനും വരും തലമുറയ്ക്ക് ശുഭകരമായി കൈമാറാനുമുള്ള അനുഗ്രഹത്തിനായ് പ്രാർത്ഥിക്കാം. ഈ ആത്മീയ മനസ്സോടെ, നന്ദിയുടെയും ഉത്തരവാദിത്വത്തിന്റെയും മനസ്സോടെ സൃഷ്ടിയുടെ ദൈവത്തെ സ്തുതിക്കുകയും അവന്റെ മഹത്വം കാണിച്ചുതരുന്ന പ്രകൃതിയോടൊപ്പം പ്രാർത്ഥനയിൽ പ്രവേശിക്കുകയും ചെയ്യാം.

**യേശുവിനെ ക്ഷണിക്കൽ :-**

**ലീഡർ : ''എന്റെ നാമത്തിൽ നിങ്ങൾ ഒന്നിച്ച് കൂടുമ്പോൾ നിങ്ങളുടെ മദ്ധ്യേ ഞാനുണ്ടാകും''** എന്ന് നമുക്ക് വാഗ്ദാനമരുളിയ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുസ്മരിക്കാം.

4. **വിശ്വാസപ്രമാണം***(എല്ലാവരും ഒരുമിച്ചു ചൊല്ലുന്നു)*

**ലീഡർ** : നമുക്ക് ഓരോരുത്തർക്കും ചുരുങ്ങിയ വാക്കുകളിൽ ഈശോയെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം. (5 പേർ യേശുവിനെ ക്ഷണിച്ചുള്ള പ്രാർത്ഥനകൾ ചൊല്ലുന്നു - മറ്റുള്ളവർ മറുപടിയായ് **''യേശുവേ ഞങ്ങളുടെ മദ്ധ്യേ കടന്നു വരേണമേ''**എന്ന് പറയുന്നു.)

5. **സങ്കീർത്തനം : 24 : 110**

എല്ലാവരും ബൈബിൾ തുറന്ന് വായിച്ച് പ്രാർത്ഥിക്കുന്നു.

*(ലീഡർ ഒരു വാക്യം വായിക്കുമ്പോൾ മറ്റുള്ളവർ അടുത്ത വാക്യം വായിക്കുന്നു.)*

6. **വചനഗീതി**

7. **വചനപാരായണം : വി. മത്തായി 6:2534**

8. **വചനവിചിന്തനം :-**

സ്നേഹം നിറഞ്ഞവരേ,

ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത് പ്രകൃതി തന്നെ ദൈവത്തിന്റെ മഹത്തായ അധ്യാപകനാണെന്നതാണ്. പക്ഷികളും പൂക്കളും നമ്മെ ഓർമ്മിപ്പിക്കുന്നത് ദൈവത്തിന്റെ കരുതലും പരിപാലനവും സൃഷ്ടി വെറും ഉപകരണങ്ങളോ സാമ്പത്തിക സമ്പത്തിന്റെ ഉറവിടമോ അല്ല അത് ദൈവ സ്നേഹത്തിന്റെ കലാസൃഷ്ടിയും അവന്റെ മഹത്വത്തിന്റെ പ്രതിഫലനവുമാണ്. 2015 ൽ ഫ്രാൻസീസ് പാപ്പാ പ്രസിദ്ധീകരിച്ച പരിസ്ഥിതി സംബന്ധിയായ ചാക്രീയ ലേഖനമാണ് ലൗദാതോ സി ഭൂമി നമ്മുടെ പൊതുവീടാണ്. ഈ ലേഖനത്തിലൂടെ പ്രകൃതിയെ സംരക്ഷിക്കാനും പരിപാലിക്കാനും പാപ്പാ എല്ലാവരെയും വിളിക്കുന്നു. മലിനീകരണം പ്രകൃതിസമ്പത്തുകളുടെ ചൂഷണം കാലാവസ്ഥാ വ്യതിയാനം എന്നിവ മനുഷ്യജീവിതത്തെയും സൃഷ്ടിയെയും ഗുരുതരമായി

ബാധിക്കുന്നതായി ലേഖനം മുന്നറിയിപ്പ് നല്കുന്നു. അതിനാൽ സൃഷ്ടിയുമായി ഐക്യത്തിലും ലാളിത്യത്തിലും ജീവിച്ച് ദൈവത്തിന്റെ സമ്മാനമായ ഭൂമിയെ ഭാവി തലമുറക്കായി സംരക്ഷിക്കണമെന്ന് ലൗദാത്തോ സി നമ്മെ പഠിപ്പിക്കുന്നു. ഫ്രാൻസീസ് പാപ്പ തന്റെ ചാക്രീയ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഭൂമി നമ്മുടെ പൊതുവീടാണ്. എല്ലാം പങ്കുവെയ്ക്കുന്ന ഒരു മാതാവിനെപ്പോലെ നമ്മെ പോറ്റുകയും വളർത്തുകയും ചെയ്യുന്നു. എന്നാൽ ഇന്നത്തെ ലോകം ഈ പൊതുവീടിനെ ഗുരുതരമായി മുറിവേല്പ്പിച്ചിരിക്കുകയാണ്. മലിനീകരണം പ്രകൃതിസമ്പത്തുകളുടെ അനിയന്ത്രിത ചൂഷണം, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വർദ്ധനവ് ഇവയെല്ലാം ദൈവത്തിന്റെ സൃഷ്ടിയായ ഭൂമിയെ നാശത്തിന്റെ അവസ്ഥയിലാക്കി. സമസ്ത സൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പെടുകയും ചെയ്യുന്നു എന്ന്

നമുക്കറിയാം (ഘട 2; റോമ 8:22). പ്ലാസ്റ്റിക് മാലിന്യങ്ങൾ നിയന്ത്രണം കൂടാതെ പുറത്തു കളയുമ്പോൾ, അത് മണ്ണിനെയും ജലത്തെയും, മൃഗങ്ങളെയും മാത്രമല്ല, നമ്മുടെ തന്നെ ആരോഗ്യത്തെയും ഭാവിയെയും നശിപ്പിക്കുന്നു. മലിനമായ വായുവും വിഷമുള്ള ജലവും മനുഷ്യജീവിതത്തെയും വരും തലമുറകളെയും ഭീഷണിപ്പെടുത്തുന്നു. അതുകൊണ്ടാണ് ഫ്രാൻസീസ് പാപ്പ നമുക്ക് മുന്നറിയിപ്പു നല്കുന്നത്: 'സൃഷ്ടിയെ സംരക്ഷിക്കുന്നത് സാമൂഹിക ഉത്തരവാദിത്വം മാത്രമല്ല, അത് നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ ഭാഗമാണ്.'' അതിനാൽ യേശുവിന്റെ വാക്കുകൾ പോലെ, ലാളിത്യത്തിലും വിശ്വാസത്തിലും ജീവിക്കുക എന്നതാണ് നമ്മുടെ വഴി. പ്രായോഗികമായി ഇതെങ്ങനെ ജീവിക്കാം? ലാളിത്യത്തിന്റെ വഴി: സത്യമായ സ്വാതന്ത്ര്യത്തിലേക്കുള്ള യാത്രലാളിത്യം എന്നത് വെറും വസ്തുക്കൾ കുറച്ചു കൊണ്ടു ജീവിക്കുക മാത്രമല്ല. അത് ദൈവത്തിൽ വിശ്വാസത്തോടെ, നന്ദിയോടെ, സന്തോഷത്തോടെ ജീവിക്കാൻ കഴിയുന്ന കഴിവാണ്. യേശു പറഞ്ഞു:'മനുഷ്യന്റെ ജീവൻ സമ്പത്തിന്റെ ആധിക്യത്തിൽ അല്ല.'' (ലൂക്കാ 12:15) ആകാശത്തിലെ പക്ഷികളും വയലിലെ പൂക്കളും (മത്തായി 6:2629) നമ്മെ പഠിപ്പിക്കുന്നത് അവയ്ക്ക് ഒന്നും ശേഖരിക്കേണ്ടതില്ല; അവയുടെ ഉറവിടം ദൈവമാണ്. ഉൽപ്പത്തി 2:15-ല് ദൈവം മനുഷ്യനെ ഏദന് തോട്ടത്തിൽ വെച്ചത് ''കൃഷി ചെയ്യാനും സംരക്ഷിക്കാനും'' ആയിരുന്നു. അതായത്, സൃഷ്ടിയെ ഉപഭോഗിക്കാനല്ല, സൂക്ഷിച്ച് പരിപാലിക്കാനാണ്. അപ്പോസ്തലപ്രവർത്തനം 20:35 ഓർമ്മിപ്പിക്കുന്നു: സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേയസ് കരം എന്ന് പറഞ്ഞ കർത്താവായ യേശുവിന്റെ വാക്കുകൾ നിങ്ങളെ ഞാൻ അനുസ്മരിപ്പിക്കുന്നു .അതായത്, സ്വർത്ഥപരമായ ഉപഭോഗത്തേക്കാൾ പങ്കിടലിലാണ് സന്തോഷം. ഫ്രാൻസീസ് പാപ്പ ലൗദാത്തോ സി (222) പറയുന്നു: ''ലാളിത്യം, സന്തോഷത്തോടെ കുറവിൽ ജീവിക്കാനുള്ള കഴിവാണ്. കുറവിൽ ജീവിക്കുന്നവർക്കാണ് കൂടുതലിന്റെ അടിമയാകാതെ സത്യമായ സ്വാതന്ത്ര്യം അനുഭവിക്കാന് കഴിയുന്നത്.' ഇതിന്റെ അർത്ഥം: ഉപഭോഗത്തിന്റെ ചങ്ങലയ്ക്കു കീഴില് അടിമപ്പെടാതെ, ഭൂമിയുടെ സമ്പത്ത് അമിതമായി ചൂഷണം ചെയ്യാതെ, മിതമാകുന്നതിൽ സന്തോഷിക്കാൻ പഠിക്കുക; അതാണ് സത്യമായ ആന്തരിക സമാധാനം നല്കുന്നത്. (ലൗദാത്തോ സി (22) ''ഭൂമിയിലെ സ്രോതസ്സുകൾ പരിമിതമാണ്; അവ ഉത്തരവാദിത്വത്തോടെ മാത്രം ഉപയോഗിക്കണം.മാലിന്യങ്ങൾ ഉത്തരവാദിത്വത്തോടെ സംസ്കരിക്കുക. ദൈവം പറഞ്ഞതു പോലെ:''ഞാൻ നിന്നെ വിശ്വസ്തനായ കാഴ്ച്ചക്കാരനായി നിയമിക്കുന്നു'' (ഉല്പത്തി 1:28).നമ്മൾ അശ്രദ്ധയോടെ കൈകാര്യം ചെയ്താൽ അത് ആയാൽ അത് ദൈവത്തിന്റെ സമ്മാനത്തെ അപമാനിക്കുന്നതാണ്. ലാളിത്യം നമ്മെ ദൈവത്തിൽ ആശ്രയിക്കാനും,, സൃഷ്ടിയുമായി സമാധാനത്തോടെ ജീവിക്കാനും പഠിപ്പിക്കുന്നു. ഫ്രാൻസീസ് പാപ്പ പറയുന്നു : ചെറിയ കാര്യങ്ങളിൾ നന്ദിയോടെ ജീവിക്കാന് പഠിക്കുന്നവര്ക്ക്, സത്യമായ സന്തോഷം ലഭിക്കുന്നു . അതിനാൽ, കുറവിൽ സന്തോഷിക്കാൻ പഠിക്കൂ, കൂടുതലിന്റെ അടിമയാകാതെ ജീവിക്കൂ. അതാണ് ദൈവം കൊടുക്കുന്ന യഥാർത്ഥ

**സ്വാതന്ത്ര്യം. ദൈവം മനുഷ്യനെ എടുത്തു ഏദൻ തോട്ടത്തിൽ വച്ചു, കൃഷി ചെയ്യാനും സംരക്ഷിക്കാനും.'' (ഉല്പത്തി 2:15)സൃഷ്ടിയെ സംരക്ഷിക്കുന്നത് ഒരു പൗരന്റെ കടമ മാത്രമല്ല; അത് ദൈവത്തോടുള്ള നമ്മുടെ വിശ്വാസത്തിന്റെ ഭാഗമാണ് 'പരിസ്ഥിതിയെ സംരക്ഷിക്കുന്നത് സാമൂഹിക ഉത്തരവാദിത്തമാത്രമല്ല, ക്രിസ്തീയ വിശ്വാസത്തിന്റെ അവിഭാജ്യഘടകമാണ്.''''എല്ലാം അവനിൽ നിന്നാണ്, അവനാൽ തന്നെയാണ്, അവനിലേക്കാണ് അവനു മഹത്വം എന്നെന്നേക്കും ഉണ്ടാകട്ടെ.'' (റോമ 11:36) ഭൂമിയെ സ്വന്തമായുള്ള സ്വത്തായി കാണാതെ, ദൈവത്തിന്റെ പരിശുദ്ധ സമ്മാനമായി കാണുക. കാരണം, ''ഭൂമിയും അതിലെ സകലവും യഹോവയുടേതാണ്'' (സങ്കീർത്തനം 24:1). നാം അവന്റെ വിശ്വസ്തനായ കാവല്ക്കാരാണ്, രക്ഷാധികാരികളാണ്. അതിനാൽ, പക്ഷികളെപ്പോലെ**

**ദൈവത്തിൽ പൂർണ്ണ വിശ്വാസത്തോടെയും, പൂക്കളെപ്പോലെ സുന്ദരമായ ലാളിത്യത്തോടെയും ജീവിച്ച്, ദൈവത്തിന്റെ സൃഷ്ടിയെ സംരക്ഷിക്കുന്നതിലൂടെ, ദൈവത്തെ സ്തുതിക്കുന്നവരായി മാറുക.**

**ദൗത്യം ഏറ്റെടുക്കൽ**

1. **എല്ലാ ആഇഇ സംഗമങ്ങളിലും പ്ലാസ്റ്റിക് ഉപകരണങ്ങൾ ഒഴിവാക്കി പുനരുപയോഗിക്കാവുന്ന സാധനങ്ങൾ സ്റ്റീൽ ഗ്ലാസ് പ്ലേറ്റ്) മാത്രം ഉപയോഗിക്കുക.**
2. **ഓരോ കുടുംബവും കുറഞ്ഞത് ഒരു വൃക്ഷമെങ്കിലും നട്ടു വളർത്തി അതിനെ സ്ഥിരമായി പരിപാലിക്കുക.**
3. **വീടുകളിലെ മാലിന്യങ്ങൾ വേർതിരിച്ച് കമ്പോസ്റ്റ് തയ്യാറാക്കി, പ്ലാസ്റ്റിക് പേപ്പർ ഗ്ലാസ് മുതലായവ റീസൈക്ലിംഗിനായി നൽകുക.**
4. **ആഇഇ അംഗങ്ങൾ ചേർന്ന് ഒരു മാസം ഒരിക്കൽ പരിസരം വൃത്തിയാക്കൽ പ്രവർത്തനം (രഹലമിശിഴ റൃശ്വല) സംഘടിപ്പിച്ച്, വഴികളും പൊതു സ്ഥലങ്ങളും ശുചിയായി സൂക്ഷിക്കുക.**
5. **കടൽ നമ്മുടെ അമ്മയാണ് കടലിൽ മാലിന്യങ്ങൾ തള്ളാതിരിക്കുക.**

9. **റിപ്പോർട്ട്**
10. **ഹാജർ**
11. **അടുത്ത യോഗം നിശ്ചയിക്കുക**
12. **ചർച്ച**
13. **കുടുംബയൂണിറ്റ് പ്രതിഷ്ഠാ പ്രാർത്ഥന :**

*(ലീഡർ ചൊല്ലിക്കൊടുക്കുന്നു, മറ്റുള്ളവർ അത് ഏറ്റു പറയുന്നു)*

കാരുണ്യവാനായ പിതാവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തെയും, മനുഷ്യരെയും സ്നേഹിക്കുക എന്നതാണ് ഞങ്ങളുടെ കടമയെന്ന് ഏറ്റു പറയുന്നു. ദൈവീക സ്നേഹം അനുഭവിക്കാനും, ആ സ്നേഹത്തിൽ എന്നും നിലനിൽക്കാനും, ആ സ്നേഹം സഹോദരങ്ങൾക്ക് പകർന്ന് നൽകാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ സ്വാർത്ഥതകൾ വെടിഞ്ഞ്, ഹൃദയവിശാലതയും, പരസ്നേഹവും അഭ്യസിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അയൽ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, ആവശ്യക്കാരെ സഹായിക്കാനും, രോഗികളെ ശുശ്രൂഷിക്കാനും, തെറ്റുകൾ ക്ഷമിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ദൈവവചനം മനസ്സിലാക്കാനും, ദൈവവിശ്വാസത്തിൽ ശക്തിപ്പെടാനും, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിൽ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ യൗസേപ്പിതാവേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല മാലാഖമാരേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ അന്തോനീസേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

ഞങ്ങളുടെ കുടുംബയൂണിറ്റിന്റെ മദ്ധ്യസ്ഥനായ.... : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല വിശുദ്ധരേ :**ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

**14. മദ്ധ്യസ്ഥ പ്രാർത്ഥന**

**ലീഡർ : നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവിനോട് നമ്മുടെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.**

**സ്വയം പ്രേരിത പ്രാർത്ഥന (പങ്കെടുക്കുന്നവർ പറയുന്നു.)**

**കുടുംബയോഗം നടന്ന ഭവനത്തിന് വേണ്ടി ലീഡർ പ്രാർത്ഥിക്കുന്നു.**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

നന്മ നിറഞ്ഞ മറിയമേ...........

**15. ഭാരവാഹികളിൽ ഒരാൾ എല്ലാവർക്കും നന്ദി പറയുന്നു.**

**16. സമാപന ഗാനം**